**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2316** **03-03-2025 - ൽ മറുപടിയ്ക്ക്**

**മാലിന്യമുക്ത നവകേരളം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം നൗഷാദ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | മാലിന്യമുക്ത നവകേരളം പദ്ധതി സമഗ്രമായി നടപ്പാക്കാൻവേണ്ടി ഇ-വേസ്റ്റ് നീക്കം ചെയ്യാനും പോലീസ് സ്റ്റേഷനുകൾ, സർക്കാർ ആഫീസ് സമുച്ചയങ്ങൾ, പൊതുസ്ഥലങ്ങൾ എന്നിവിടങ്ങളിൽ ഉപയോഗക്ഷമമല്ലാതെ കുന്നുകൂടി കിടക്കുന്ന വാഹനങ്ങൾ നീക്കം ചെയ്യാനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (എ) | ക്ലീൻ കേരള കമ്പനി ലിമിറ്റഡ് , ശുചിത്വ മിഷൻ എംപാനൽ ചെയ്ത സഹ്യാ സൊല്യൂഷൻസ് എന്നീ ഏജൻസികൾ മുഖേന ഇ-മാലിന്യ നീക്കം നടപ്പിലാക്കിവരുന്നു..<br><br>മാലിന്യ മുക്തം നവകേരളം പദ്ധതിയുടെ ഭാഗമായി വീടുകളിൽ നിന്നും നേരിട്ട് ഹരിത കർമ്മ സേന മുഖേന ക്ലീൻ കേരള കമ്പനി ലിമിറ്റഡ് വാതിൽപ്പടി ശേഖരണം ആരംഭിച്ചിട്ടുണ്ട്. വീടുകളിലെ ഇ-വേസ്റ്റ് നീക്കം ചെയ്യുന്നതിനും എക്സ്റ്റെൻഡഡ് പ്രൊഡ്യൂസർ റെസ്പോൺസിബിലിറ്റി (EPR) ആനുകൂല്യം ഹരിതകർമ്മസേനയയ്ക്ക് ലഭ്യമാക്കുന്നതിനുമായി പൈലറ്റ് അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് മുനിസിപ്പാലിറ്റിയിൽ ഇ-വേസ്റ്റ് ഡ്രൈവ് നടത്തി 1015 കിലോഗ്രാം ഇ-വേസ്റ്റ് ശേഖരിച്ച് റീ-സൈക്കിൾ ചെയ്യുന്ന കമ്പനിക്ക് കൈമാറിയിട്ടുണ്ട്. നിശ്ചിത തുക ഗുണഭോക്താക്കൾക്ക് നൽകിയാണ് ഹരിതകർമ്മസേന ഇ-വേസ്റ്റ് ശേഖരിച്ചത്. തുടർന്ന് കോട്ടയം, തൃശ്ശൂർ ജില്ലകളിലെ തെരെഞ്ഞെടുക്കപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഇ-വേസ്റ്റ് ഡ്രൈവ് നടത്താൻ തീരുമാനിച്ചതനുസരിച്ച് പ്രവർത്തനങ്ങൾ ആരംഭിച്ചു.. ക്ലീൻ കേരള കമ്പനിയുടെ നേതൃത്വത്തിൽ ഹരിതകർമ്മസേന അംഗങ്ങൾക്കും വാർഡ് മെമ്പർമാർക്കും ട്രെയിനിംഗ് നൽകുന്നതിനും ജനങ്ങൾക്ക് അവബോധം നൽകുന്നതിനുള്ള പ്രചാരണ പ്രവർത്തനങ്ങൾക്കും തീരുമാനമെടുത്തിട്ടുണ്ട്. സമഗ്രമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു മറ്റു ജില്ലകളിലേക്കും വ്യാപിപിക്കുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്.<br><br>വിവിധ വകുപ്പുകളുടെ പരിധിയിൽ ഉപയോഗക്ഷമമല്ലാതെ കുന്നുകൂടി കിടക്കുന്ന |

| | | | |
|---|---|---|---|
| | | | വാഹനങ്ങൾ നടപടിക്രമങ്ങൾ പാലിച്ച് അംഗീകൃത ഏജൻസികൾക്ക് കൈമാറുവാൻ അതത് വകുപ്പുകൾക്ക് നിർദ്ദേശമുണ്ട്. |

സെക്ഷൻ ഓഫീസർ